**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4289** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൽക്കരി ക്ഷാമം രൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യം കേരളത്തിന്റെ വൈദ്യുതി മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കൽക്കരി ക്ഷാമം മൂലം കേന്ദ്ര പൂളിൽ നിന്നും ദീർഘകാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. താപ നിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ ഏകദേശം 5-6% കുറവ് വന്നതായി കണക്കാക്കാം. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ് ബാധിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. എന്നാൽ കൽക്കരി ക്ഷാമം മൂലം വൈദ്യുതി ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് വൈദ്യുതിയുടെ കമ്പോളവില വലിയ തോതിൽ വർദ്ധി ക്കുന്നതിന് കാരണമായിട്ടുണ്ട്. ഇത് വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതാണ്. |
| (ബി) | കൽക്കരി ക്ഷാമം വൈദ്യുതി മേഖലയ്ക്ക് വരുത്താവുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരി ച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജന ങ്ങളോട് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ unallocated share ആയ 15% ൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം |

| | | | |
|---|---|---|---|
| | | | മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര പൂളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്ന വൈദ്യുതിയ്ക്ക് ഒരു യൂണിറ്റിന് നൽകുന്ന നിരക്ക് എത്രയാണെന്ന് വിശദീകരിക്കാമോ? | (സി) | ആഗസ്റ്റ് 2021 ലെ ലഭ്യമായ കണക്കുകൾ പ്രകാരം, കേന്ദ്ര പൂളിൽ നിന്നും 1756 MW വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് 4.49 രൂപ ആണ്. കൂടാതെ അന്യ സംസ്ഥാനങ്ങളിലെ ജനറേറ്റർമാരിൽ നിന്നും ദീർഘകാല കരാറുകൾ മുഖേന 1149 MW വൈദ്യുതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് 4.51 രൂപ ആണ്. |

സെക്ഷൻ ഓഫീസർ